എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

മേഘങ്ങൾ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന ശബ്ദം (ഇടിനാദം) ആണ് رعد. 12-13 സൂക്തങ്ങളിൽ ഇടിയും മിന്നലും പരാമർശിക്കപ്പെടുന്നതിനാലാണ് ഈ സൂറക്ക് 'അർറഅ്ദ്' എന്ന പേരുവന്നത്. അല്ലാഹു നിശ്ചയിച്ച നിയമങ്ങളിൽനിന്ന് കടുകിട വ്യതിചലിക്കാതെ പ്രവർത്തിക്കുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങൾക്ക് ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നതിനപ്പുറം ഇടിമിന്നലിന്റെ ഭൗതികശാസ്ത്രമൊന്നും സൂറ പ്രതിപാദിക്കുന്നില്ല. എന്നാൽ ചിന്തിക്കുന്ന മനുഷ്യർക്ക് അതിൽ നിരവധി ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നു.

മുസ്ഹഫിൽ 13-ാം സൂറയായിട്ടാണ് ചേർത്തിരിക്കുന്നതെങ്കിലും അവതരണക്രമംകൊണ്ട് ഇത് 13-ാമത്തെ സൂറ തന്നെ ആയിരിക്കണമെന്നില്ല. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ അവസാന ഘട്ടത്തിലാണിതവതരിച്ചതെന്ന് ഉള്ളടക്കവും പ്രഭാഷണ ശൈലിയും സൂചിപ്പിക്കുന്നുണ്ട്. കാലം കൃത്യമായി നിർണയിക്കാനാവുന്നില്ലെങ്കിലും *അഅ്റാഫ്, ഹൂദ്, യൂനുസ്, യൂസുഫ്* സൂറകളുമായി ഈ സൂറക്കുള്ള സാദൃശ്യം പരിഗണിക്കുമ്പോൾ ഇപ്പറഞ്ഞ സൂറകളെല്ലാം അടുത്തടുത്ത കാലത്ത് അവതരിച്ചതാവാൻ ഏറെ സാധ്യതയുണ്ട്. സൂറ പൂർണമായും മക്കയിൽ അവതരിച്ചതാണെന്ന് ഹസൻ, ഇക്രിമ, അത്വാഅ്, ജാബിർ തുടങ്ങിയ താബിഉ പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. 31, 32 സൂക്തങ്ങൾ ഒഴിച്ചുള്ള ഭാഗങ്ങൾ മദീനയിൽ അവതരിച്ചതാണെന്നത്രെ ഇബ്നു അബ്ബാസിന്റെയും ഖതാദയുടെയും അഭിപ്രായം. *അർറഅ്ദ്* പൂർണമായും മക്കീ സൂറയാണെന്ന അഭിപ്രായമാണ് കൂടുതൽ പ്രബലവും ഭൂരിപക്ഷം പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ളതും.

ഉള്ളടക്കത്തിലും ശൈലിയിലുമുള്ള താദാത്മ്യം പരിഗണിച്ചാണ് ഈ സൂറയെ സൂറ *യൂസുഫി*ന്റെ തൊട്ടു പിറകെ ചേർത്തതെന്ന് കരുതപ്പെടുന്നു. 'യൂസുഫിന്റെ ഇണ' എന്ന് 'അർറഅ്ദി'നെ പണ്ഡിതന്മാർ വിശേഷിപ്പിക്കാറുണ്ട്. അല്ലാഹു പ്രവാചകന്മാർക്കും ഭക്തന്മാരായ വിശ്വാസികൾക്കും നൽകുന്ന സംരക്ഷണത്തിന്റെയും ധർമധിക്കാരികൾക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാ നടപടികളുടെയും ചരിത്രപരമായ ഉദാഹരണങ്ങളാണ് രണ്ടു സൂറകളും പ്രതിപാദിക്കുന്നത്. ഈ പ്രപഞ്ചത്തിനു പിന്നിൽ ഏകനും യുക്തിമാനും ശക്തിസമ്പൂർണനുമായ ഒരസ്തിത്വത്തിന്റെ സാന്നിധ്യം സ്ഥാപിക്കുന്ന തെളിവുകൾ രണ്ടു സൂറകളും ധാരാളമായി നിരത്തുന്നു. സൂറ *യൂസുഫ്*, പ്രവാചകവര്യന്മാർ സ്വന്തം കൂടപ്പിറപ്പുകളാൽ പോലും ക്രൂരമായി അക്രമിക്കപ്പെടുന്നതും പീഡിപ്പിക്കപ്പെടുന്നതും, എന്നിട്ടും ഒടുവിൽ അല്ലാഹു അവരെ സംരക്ഷിച്ച് ഉന്നതസ്ഥാനങ്ങളിലെത്തിക്കുന്നതും വരച്ചു കാണിക്കുന്നു. സൂറ *യൂസുഫ്* അവതരിപ്പിക്കുന്ന മുഖ്യദൃഷ്ടാന്തം യൂസുഫ് നബിയുടെയും യഅ്ഖൂബ് നബിയുടെയും ചരിത്രമാണ്. ഒടുവിൽ 105-ാം സൂക്തത്തിൽ സത്യത്തിന്റെ ദൃഷ്ടാന്തങ്ങളന്വേഷിക്കുന്നവർക്ക് അവരുടെ ചുറ്റിലും തന്നെ അവ വേണ്ടുവോളം കണ്ടെത്താവുന്നതാണെന്നോർമിപ്പിച്ചിരിക്കുന്നു. അതിന് മാഞ്ഞുപോയ ചരിത്രങ്ങളുടെയോ അഗോചര ജ്ഞാനത്തിന്റെയോ ആവശ്യമില്ല. സ്വന്തം ബുദ്ധിയും ഇന്ദ്രിയങ്ങളും വേണ്ടവണ്ണം ഉപയോഗിച്ചാൽ മതിയാകും. അത്തരം ബൗദ്ധിക ദൃഷ്ടാന്തങ്ങളാണ് 'അർറഅ്ദി'ൽ അധികവും ചൂണ്ടിക്കാണിക്കുന്നത്.

സൂറ കൈകാര്യം ചെയ്യുന്ന പ്രധാന വിഷയങ്ങൾ ഇവയാണ്. 1) ഖുർആനിന്റെ ദൈവികത 2) സൂര്യ ചന്ദ്രന്മാർ, രാപ്പകലുകൾ, പർവതങ്ങൾ, നദികൾ, വൈവിധ്യമാർന്ന വർണങ്ങളിലും രൂപങ്ങളിലും രുചികളിലുമുള്ള കാർഷിക വിളകൾ മുതലായവയെല്ലാം അവയുടെ സ്രഷ്ടാവ് ഏകനും സർവശക്തനുമാണെന്നു കുറിക്കുന്ന ദൃഷ്ടാന്തങ്ങളാകുന്നു 3) പുനരുത്ഥാനത്തിന്റെയും രക്ഷാശിക്ഷകളുടെയും അനിവാര്യത 4) മലക്കുകളുടെ അസ്തിത്വം 5) സത്യത്തിന്റെ സ്ഥിരതയും അസത്യത്തിന്റെ അസ്ഥിരതയും 6) നമസ്കരിക്കുകയും സഹനത്തോടെ വാഴുകയും ചെയ്യുന്ന ഭക്ത ജനങ്ങളുടെയും അധർമങ്ങളിലേർപ്പെട്ട് നാട്ടിൽ നാശം വിതക്കുന്ന ധിക്കാരികളുടെയും അവസ്ഥകൾ തമ്മിലുള്ള അന്തരം 7) ഭക്തജനങ്ങൾക്കുള്ള സുവിശേഷവും ദൈവനിഷേധികൾക്കുള്ള താക്കീതും 8) പ്രവാചകന്മാരുടെ ദൗത്യം 9) പ്രവാചകന്മാരുടെ ആളത്തം 10) ഭൗതിക ലോകത്തുണ്ടാകുന്ന മാറ്റങ്ങളും സൃഷ്ടികളെ സംബന്ധിച്ച വിധികളും 11) ഭൂമിയുടെ സങ്കോചം 12) മുഹമ്മദീയ പ്രവാചകത്വത്തിന്റെ സാക്ഷ്യങ്ങൾ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

الٓمٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِۗ وَٱلَّذِيٓ أُنزِلَ إِلَيۡكَ مِن رَّبِّكَ ٱلۡحَقُّ
وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يُؤۡمِنُونَ ﴿١﴾
ٱللَّهُ ٱلَّذِي رَفَعَ ٱلسَّمَٰوَٰتِ بِغَيۡرِ عَمَدٖ تَرَوۡنَهَاۖ ثُمَّ ٱسۡتَوَىٰ عَلَى ٱلۡعَرۡشِۖ
وَسَخَّرَ ٱلشَّمۡسَ وَٱلۡقَمَرَۖ كُلّٞ يَجۡرِي لِأَجَلٖ مُّسَمّٗىۚ يُدَبِّرُ ٱلۡأَمۡرَ
يُفَصِّلُ ٱلۡأٓيَٰتِ لَعَلَّكُم بِلِقَآءِ رَبِّكُمۡ تُوقِنُونَ ﴿٢﴾

1 അലിഫ്–ലാം–മീം–റാഅ്. ഇത് വിശുദ്ധ വേദസൂക്തങ്ങളാകുന്നു. നിന്റെ നാഥങ്കൽ നിന്നവതീർണമായ പരമസത്യം. പക്ഷേ, അധികജനവും വിശ്വസിക്കുന്നില്ല.

2 അല്ലാഹു–സാക്ഷാൽദൈവം– ആകാശങ്ങളെ നിങ്ങൾക്കു കാണാവുന്ന താങ്ങുകളില്ലാതെ ഉയർത്തിയവനാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായി. സൂര്യചന്ദ്രന്മാരെ വ്യവസ്ഥാ വിധേയമാക്കി. ഈ സംവിധാനത്തിൽ എല്ലാം നിശ്ചിത അവധിവരെ ചലിച്ചുകൊണ്ടിരിക്കും. അവൻ സകലകാര്യങ്ങളും ആസൂത്രിതമായി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ദൃഷ്ടാന്തങ്ങൾ വേർതിരിച്ചു വിശദീകരിക്കുന്നു– ഒരുനാൾ സ്വന്തം വിധാതാവുമായി സന്ധിക്കേണ്ടിവരുമെന്ന് നിങ്ങൾക്കു ബോധ്യമാകാൻ.

تِلۡكَ= ഇത്, ഇവ ءَايَٰتُ ٱلۡكِتَٰبِۗ= (വിശുദ്ധ) വേദസൂക്തങ്ങളാകുന്നു وَٱلَّذِيٓ أُنزِلَ= ഇറക്കപ്പെട്ടതും(അവതീർണമായ)
إِلَيۡكَ= നിനക്ക് مِن رَّبِّكَ= നിന്റെ നാഥങ്കൽനിന്ന് ٱلۡحَقُّ= (പരമ) സത്യം ആകുന്നു وَلَٰكِنَّ= പക്ഷേ أَكۡثَرَ ٱلنَّاسِ= അധികജനവും
لَا يُؤۡمِنُونَ= വിശ്വസിക്കുന്നില്ല ٱللَّهُ ٱلَّذِي رَفَعَ= ഉയർത്തിയവനാകുന്നു അല്ലാഹു– സാക്ഷാൽ ദൈവം–
ٱلسَّمَٰوَٰتِ= ആകാശങ്ങളെ بِغَيۡرِ عَمَدٖ= തൂണുകൾ(താങ്ങുകൾ) ഇല്ലാതെ
تَرَوۡنَهَا= (കാണാവുന്ന) അവയെ നിങ്ങൾ കാണുന്നു ثُمَّ ٱسۡتَوَىٰ= എന്നിട്ടവൻ സമമായി, അധികാരസ്ഥനായി
عَلَى ٱلۡعَرۡشِۖ= സിംഹാസനത്തിൽ وَسَخَّرَ= അവൻ വ്യവസ്ഥക്കു വിധേയമാക്കി ٱلشَّمۡسَ وَٱلۡقَمَرَۖ= സൂര്യചന്ദ്രന്മാരെ
كُلّٞ= (ഈ സംവിധാനത്തിൽ) എല്ലാ ഓരോന്നും يَجۡرِي= ചലിച്ചുകൊണ്ടിരിക്കും لِأَجَلٖ= ഒരവധിവരെ مُّسَمّٗىۚ= നിശ്ചിതമായ
يُدَبِّرُ= അവൻ ആസൂത്രണം ചെയ്യുന്നു, നിയന്ത്രിക്കുന്നു ٱلۡأَمۡرَ= (സകല)കാര്യവും
يُفَصِّلُ= അവൻ വേർതിരിച്ചു വിശദീകരിക്കുന്നു ٱلۡأٓيَٰتِ= സൂക്തങ്ങൾ, ദൃഷ്ടാന്തങ്ങൾ
لَعَلَّكُم بِلِقَآءِ رَبِّكُمۡ تُوقِنُونَ= നിങ്ങൾക്ക് നിങ്ങളുടെ വിധാതാവിനെ കണ്ടുമുട്ടുന്നതുകൊണ്ട് ദൃഢമായി വിശ്വസിക്കാൻ (ഒരു നാൾ സ്വന്തം വിധാതാവുമായി സന്ധിക്കേണ്ടി വരുമെന്ന് നിങ്ങൾക്ക് ബോധ്യമാകാൻ)

**1:** സൂറകളുടെ ആരംഭത്തിൽ വരുന്ന ഒറ്റ അക്ഷരങ്ങളെക്കുറിച്ച് നേരത്തെ വന്ന ഒറ്റ അക്ഷരങ്ങൾ കൊണ്ടു തുടങ്ങുന്ന സൂറകളുടെ ആരംഭത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ഒരുകാര്യം ഉണർത്തുന്നു. സാധാരണഗതിയിൽ ഒറ്റ അക്ഷരങ്ങൾ വായിക്കേണ്ടത് അലിഫുൻ–ലാമുൻ–മീമുൻ–റാഉൻ എന്നിങ്ങനെയാണ്. എന്നാൽ ഖുർആൻ സൂറകളുടെ ആരംഭത്തിലെ ഒറ്റ അക്ഷരങ്ങൾ അങ്ങനെയല്ല വായിക്കേണ്ടത്. അലിഫ്–ലാം–മീം–റാഅ് എന്ന് തൻവീൻ ഇല്ലാതെ വായിക്കണം. അപ്രകാരമാണ് ജിബ്രീൽ നബി(സ)യെ പഠിപ്പിച്ചിട്ടുള്ളത്.

'കിതാബ്' പുസ്തകമാണ്. അതിനോട് 'അൽ' ചേരുമ്പോൾ വിശുദ്ധ പുസ്തകം, മഹാഗ്രന്ഥം, യഥാർഥ പുസ്തകം, സുപരിചിതമായ, പ്രതീക്ഷിക്കുന്ന പുസ്തകം എന്നെല്ലാം അർഥം ലഭിക്കുന്നു. ഈ അർഥങ്ങളിൽ വേദഗ്രന്ഥങ്ങളെല്ലാം 'അൽകിതാബ്' ആകുന്നു. ഖുർആൻ അതിനെതന്നെ ഉദ്ദേശിച്ചും ഇതര വേദങ്ങളെ ഉദ്ദേശിച്ചും 'അൽകിതാബ്' ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ വിവക്ഷ ഖുർആൻ തന്നെയാണെന്നതിൽ തർക്കമില്ല. 'ആയാത്' കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് മുഴുവൻ ഖുർആൻ സൂക്തങ്ങളാവാം. ഈ സൂറയിലെ സൂക്തങ്ങൾ മാത്രമാവാം. സൂറ *യൂസുഫി*ന്റെ അവസാന സൂക്തത്തിൽ, പ്രവാചകൻ അവതരിപ്പിക്കുന്ന ഖുർആൻ അദ്ദേഹം കെട്ടിച്ചമച്ചതല്ലെന്നും മറിച്ച് പൂർവവേദങ്ങൾ പ്രവചിച്ച അന്തിമ വേദവും പ്രപഞ്ച വ്യാഖ്യാനവും വിശ്വാസികൾക്കുള്ള ദൈവകാരുണ്യവും സന്മാർഗദർശനവുമാണെന്നും പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഖുർആനിനെ അവിശ്വസിക്കുന്നവരോട് അക്കാര്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞുകൊണ്ട് തുടങ്ങുകയാണീ സൂറ.

ഈ സൂറയിലെ അല്ലെങ്കിൽ ഖുർആനിലെ വചനങ്ങൾ പൂർവ വേദങ്ങൾ പ്രവചിക്കുന്നതും വേദവിശ്വാസികൾ പ്രതീക്ഷിക്കുന്നതുമായ അന്തിമവേദത്തിന്റെ സൂക്തങ്ങളാണ്. പ്രപഞ്ചനാഥൻ അവന്റെ ദൂതന് ഇറക്കിക്കൊടുത്ത പരമസത്യവചനങ്ങളാണവ. സത്യാന്വേഷണ വാഞ്ഛയോടെ അതിനെ സമീപിക്കുന്നവർക്ക് അക്കാര്യത്തിൽ യാതൊരു സന്ദേഹവുമുണ്ടാവേണ്ടതില്ല. പക്ഷേ, ചുറ്റുപാടുകളും പാരമ്പര്യങ്ങളും സ്വാർഥതാൽപര്യങ്ങളും സൃഷ്ടിക്കുന്ന മുൻ വിധികളോടെയാണ് ആളുകൾ അതിനെ സമീപിക്കുന്നത്. അതുകൊണ്ട് അധികപേരും

ഈ സത്യം സ്വീകരിക്കാൻ തയാറാവുകയില്ല. ഖുർആൻ അവതരിച്ചുകൊണ്ടിരുന്ന, പ്രവാചകന്റെ കാലത്തു മാത്രമല്ല ഇക്കാലത്തും അതാണവസ്ഥ. ഏങ്കിലും മാറ്റമില്ലാത്ത ഒരു നിയമമാണത് എന്ന് അർഥമില്ല. ജനങ്ങളെല്ലാം മറ്റു താൽപര്യങ്ങൾക്കതീതമായി സത്യവും ധർമവും കൈക്കൊള്ളാൻ തയാറായാൽ ഈ അവസ്ഥക്ക് മാറ്റമുണ്ടാകും. അങ്ങനെയൊരു മാറ്റത്തിന് ജനങ്ങളെ പ്രേരിപ്പിക്കുകയാണ് പ്രവാചകന്റെ ദൗത്യം.

സൂക്തം പ്രവാചകനെ അഭിസംബോധന ചെയ്യുന്നതിൽ അദ്ദേഹത്തോടും വിശ്വാസികളോടുമുള്ള ഒരു ഔദാര്യപ്രകടനവും നിഷേധികൾക്കുള്ള ഒരു താക്കീതും അടങ്ങിയിട്ടുണ്ട്. അല്ലാഹു പൂർവദൂതന്മാരിലൂടെയും വേദങ്ങളിലൂടെയും വാഗ്ദത്തം ചെയ്ത മഹാനുഗ്രഹമായ ആ അന്തിമവേദം ഇതാ ഇപ്പോൾ മുഹമ്മദ് നബിക്ക് അവതരിപ്പിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രബോധനം സത്യസന്ധമായി സ്വീകരിക്കുകയും അനുസരിക്കുയും ചെയ്തുകൊണ്ട് ഈ ദൈവാനുഗ്രഹം അനുഭവിക്കുകയാണ് അദ്ദേഹത്തെ കേൾക്കുന്ന ജനങ്ങളുടെ ധർമം. ഇതാണ് ഔദാര്യം. അവിശ്വാസികൾക്കുള്ള താക്കീത് ഇങ്ങനെ: ഈ സന്ദേശത്തെ നിഷേധിക്കുകയും പരാജയപ്പെടുത്താൻ പാടുപെടുകയും ചെയ്യുന്നവർ തങ്ങളുടെ തന്നെ ദൗർഭാഗ്യത്തിനു വേണ്ടി പാടുപെടുന്ന മൂഢന്മാരാണ്. ഖുർആൻ സത്യസന്ധമായി പരിശോധിച്ചു നോക്കിയിട്ട് ബോധ്യപ്പെടാത്തതുകൊണ്ടോ, അതിൽ സത്യദർശനത്തിന്റെ പ്രമാണങ്ങളും ന്യായങ്ങളുമില്ലാത്തതുകൊണ്ടോ അല്ല അവർ ഇതിനെ നിഷേധിക്കുന്നത്; ധാർഷ്ട്യം കൊണ്ടാണ്.

കർമശാസ്ത്ര നിർദ്ധാരണത്തിൽ ന്യായാധികരണ (قياس)ത്തെ നിരാകരിക്കുന്നവർ ഈ സൂക്തം പ്രമാണമായി ഉന്നയിക്കാറുണ്ട്. അവരുടെ വാദം ഏതാണ്ടിങ്ങനെയാണ്: നാഥങ്കൽനിന്ന് നിനക്ക് അവതരിച്ചു കിട്ടിയ സത്യമാണ് ഖുർആൻ സൂക്തങ്ങൾ എന്നു പറയുന്നതിന്റെ താൽപര്യം അതല്ലാത്തതൊന്നും സത്യമല്ല എന്നാകുന്നു. അപ്പോൾ ന്യായാധികരണത്തിലൂടെ നിർദ്ധാരണം ചെയ്യപ്പെടുന്ന വിധികൾ സത്യം അല്ല. അല്ലാഹു ഇറക്കിത്തന്നതല്ലാതെ സത്യമില്ല. ന്യായാധികരണം(قياس) അംഗീകരിക്കുന്നവർ അതിന് ഇങ്ങനെ മറുപടി നൽകുന്നു: ന്യായാധികരണത്തിലൂടെ സ്ഥിരപ്പെടുന്ന വിധികളും അല്ലാഹുവിങ്കൽ നിന്നവതരിച്ചതു തന്നെയാകുന്നു. കാരണം അവൻ ഖിയാസ് അനുസരിച്ച് പ്രവർത്തിക്കാൻ കൽപിച്ചപ്പോൾ ഖിയാസിലൂടെ തെളിയുന്ന വിധിയും അല്ലാഹുവിങ്കൽ നിന്നവതരിച്ചതായിത്തീർന്നു.

**2:** ചില പ്രാപഞ്ചിക പ്രതിഭാസങ്ങളെ ദൃഷ്ടാന്തമായി അവതരിപ്പിച്ചു കൊണ്ട് അല്ലാഹുവിനെ പരിചയപ്പെടുത്തുകയും ഏകദൈവത്വം (തൗഹീദ്) സ്ഥാപിക്കുകയുമാണ് ഈ സൂക്തവും തുടർന്നുള്ള രണ്ടു സൂക്തങ്ങളും. ഏകദൈവത്വത്തിന്റെ ന്യായങ്ങൾ ദൈവാസ്തികൃത്തിന്റെ ന്യായങ്ങളുമാകുന്നു. നിരീശ്വര വിശ്വാസവും ബഹുദൈവ വിശ്വാസവും യഥാർഥത്തിൽ ഒരന്ധവിശ്വാസത്തിന്റെ രണ്ടു രൂപങ്ങളാണ്. യഥാർഥ ദൈവത്തെ തള്ളിക്കളയുക എന്നതാണ് രണ്ടിന്റെയും സാരാംശം. ദൈവത്തിന്റെ ആസ്തികൃത്തെ നിഷേധിക്കുന്നതും ഏകത്വത്തെ നിഷേധിക്കുന്നതും ഒരുപോലെയാണ്. ദൈവം ഉണ്ടായിരിക്കുക എന്നതുപോലെ അനിവാര്യമാണ് അവൻ ഏകനായിരിക്കുക എന്നതും. 'ദൈവം' എന്ന യാഥാർഥ്യത്തിന്റെ ശരിയായ വിഭാവനമനുസരിച്ച് ദൈവത്തിന്റെ ബഹുത്വം അസംഭവ്യമാകുന്നു. അസ്തിത്വത്തിൽ ബഹുത്വമുണ്ടായാൽ അവയിലൊന്നിനും ദൈവമായിരിക്കാനാവില്ല. ദൈവം ഉണ്ട്, അത് മൂന്നോ മുപ്പത്തിമുക്കോടിയോ ആണ് എന്നുപറയുന്നത്, ഒന്ന് എന്നൊന്നുണ്ട്, അത് മൂന്നോ മൂന്നുകോടിയോ ആണ് എന്നുപറയുന്നതുപോലെ നിരർഥകമാണ്. ഒന്നുകിൽ 'ഒന്ന്' ഇല്ല. അല്ലെങ്കിൽ മൂന്നും മൂന്നുകോടിയും 'ഒന്ന്' അല്ല.

ഈ സൂക്തത്തിൽ 'അല്ലാഹു' ആഖ്യയും ٱلَّذِى رَفَعَ ٱلسَّمَـٰوَٰتِ ആഖ്യാതവുമാകുന്നു. ഇലാഹ്-ദൈവം-എന്ന പദത്തോട് ال ചേർന്നതാണ് الله. സാക്ഷാൽ ദൈവത്തിന്റെ നാമമാണിത്. الإسم الأعظم -ഏറ്റം മഹിതമായ നാമം. മറ്റു ദൈവനാമങ്ങളെല്ലാം വിശേഷണ നാമങ്ങളാണ്. ഉദാ: كريم (ഉദാരൻ) عزيز (അജയ്യൻ). സർവ സദ്ഗുണങ്ങളും അല്ലാഹുവിന്റെ ഗുണങ്ങളാണ്. ولله الأسماء الحسنى (സർവ സൽപേരുകളും അല്ലാഹുവിന്റേതാകുന്നു). ആ ഗുണങ്ങളിലെല്ലാം അവനെ വിളിക്കാം. أيما تدعوا فله الأسماء الحسنى (നിങ്ങൾ ഏതുപേരിൽ വിളിച്ചാലും സൽപേരുകളെല്ലാം അവന്റേതാകുന്നു). അല്ലാഹുവിന്റെ പല ഗുണങ്ങളും പരിമിതവും സ്വാപാധികവുമായ രൂപത്തിൽ സൃഷ്ടികൾക്കുമുണ്ട്. ഉദാ: عالم, عزيز, حاكم (വിജ്ഞൻ, പ്രതാപി -വിധികർത്താവ്). മനുഷ്യരിൽ ഈ ഗുണങ്ങളെല്ലാം പരിധികൾക്കും പരിമിതികൾക്കും വിധേയമാണ്. കർമശാസ്ത്രം പഠിച്ചയാളെ അയാൾക്ക് മറ്റൊന്നും അറിയില്ലെങ്കിലും നാം عالم (വിജ്ഞൻ) എന്നു വിളിക്കുന്നു. ഭൗതിക ശാസ്ത്രജ്ഞരുടെയും ഭാഷാശാസ്ത്രജ്ഞരുടെയും ആണവശാസ്ത്രജ്ഞരുടെയുമെല്ലാം സ്ഥിതി ഇതുതന്നെ. ഓരോരുത്തരുടെയും ജ്ഞാനവും പ്രതാപവും വിധികർതൃത്വവുമൊക്കെ അവരവരുടെ പരിമിതമായ മണ്ഡലത്തിൽ മാത്രമാണ്. ഈ ഗുണങ്ങളിലെല്ലാം ഇന്ന് അത്യുന്നതരായി കരുതപ്പെടുന്നവരെക്കാൾ മികച്ചവർ നാളെ ഉയർന്ന് വരുന്നതുകാണാം. സൃഷ്ടികളിൽ ഇത്തരം ഗുണങ്ങളെല്ലാം അപൂർണമാകുന്നു എന്നാണതിനർഥം. എന്നാൽ അല്ലാഹുവിന്റെ സൽഗുണങ്ങൾ നിരുപാധികവും അപരിമേയവുമാണ്. സൃഷ്ടിഗുണങ്ങൾ പോലെ അവന്റെ ഗുണങ്ങൾക്ക് വൃദ്ധിക്ഷയങ്ങളില്ല. അത് സ്ഥലകാലാപേക്ഷിതമോ വിഷയാപേക്ഷിതമോ അല്ല. എല്ലാകാലത്തും എവിടെയും എല്ലാ വിഷയങ്ങളിലും സമ്പൂർണമായി നിൽക്കുന്നതാണ്. അപരിമേയവും നിത്യവുമായ അവസ്ഥയിൽ സർവസൽഗുണങ്ങളെയും വഹിക്കുന്ന പദമാണ് അൽ ഇസ്മുൽ അഅ്ളം ആയ 'അല്ലാഹു.' സൃഷ്ടികൾക്കൊന്നിനും ഒരിക്കലും ആ നാമം ചേരുകയില്ല. സൃഷ്ടികളെ അതുകൊണ്ട് വിളിക്കുയോ വിശേഷിപ്പിക്കുകയോ ചെയ്യുന്നത് ദൈവനിന്ദയായി കണക്കാക്കപ്പെടുന്നു.

അല്ലാഹുവിനെ 'ആകാശങ്ങളുടെ സ്രഷ്ടാവ്' എന്നാണാദ്യം പരിചയപ്പെടുത്തുന്നത്. മനുഷ്യന്റെ ചിന്തയെ – ആത്മീയ ചിന്തയെ വിശേഷിച്ചും ആകർഷിക്കുന്ന പ്രതിഭാസമാണ് എക്കാലത്തും വാനലോകം. വാനലോകത്തിന്റെ അതിരറ്റ വിശാലതയിൽ, അതിൽ നീന്തിത്തുടിക്കുന്ന സൂര്യചന്ദ്ര നക്ഷത്രാദി ഗോളങ്ങളിൽ, അവയുടെ ചലനങ്ങളിൽ, അതുവഴി മനുഷ്യനു ലഭിച്ചുകൊണ്ടിരിക്കുന്ന ജീവൽ പ്രധാനമായ പ്രയോജനങ്ങളിൽ എല്ലാം സർവജ്ഞനും യുക്തിമാനുമായ ഒരു നിർമാതാവിന്റെയും സംവിധായകന്റെയും നിഗൂഢ സാന്നിധ്യം ചിന്തിക്കുന്ന മനസ്സുകൾക്കു അനുഭവപ്പെടുന്നുണ്ടല്ലോ. ഈ നിർമാതാവും സംവിധായകനുമാണ് അല്ലാഹു ٱلَّذِى رَفَعَ ٱلسَّمَـٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا (നിങ്ങൾ കാണുന്ന തൂണുകളില്ലാതെ ആകാശങ്ങളെ ഉയർത്തിയവൻ) എന്നാണ് മൂലവാക്യം. رَفَعَയുടെ അർഥം താഴെനിന്ന് മേലോട്ട് പൊക്കി എന്നാണെങ്കിലും നിർമിച്ചു എന്നാണ് ഉദ്ദേശ്യം; താഴെ കിടന്ന ആകാശത്തെ എടുത്ത് ഉയർത്തിവെച്ചു എന്നല്ല. കെട്ടിടമുയർത്തി,

ശബ്ദമുയർത്തി എന്നൊക്കെയുള്ളതുപോലൊരു ശൈലിയാണിത്. ഖുർആൻ ഏറെ സ്ഥലങ്ങളിലും ആകാശത്തെ *സമാവാത്* എന്ന് ബഹുവചനത്തിലാണ് പറയുന്നത്. ചില സൂക്തങ്ങളിൽ സപ്തവാനങ്ങൾ എന്ന് പരാമർശവും വന്നിരിക്കുന്നു. ٱلَّذِى خَلَقَ سَبْعَ سَمَـٰوَٰتٍ طِبَاقًا (സപ്തവാനങ്ങളെ പടിപടിയായി സൃഷ്ടിച്ചവൻ. فَقَضَىٰهُنَّ سَبْعَ سَمَـٰوَاتٍ فِى يَوْمَيْنِ –അവൻ രണ്ടു നാളിൽ സപ്തവാനം സൃഷ്ടിച്ചു (ഫുസ്സ്വിലഃ: 12). ഈ ഏഴാകാശങ്ങൾ ഏതൊക്കെയാണെന്ന് സാധാരണക്കാർക്കെന്നല്ല പണ്ഡിതന്മാർക്കും വ്യക്തമായി ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. ഗഗനശാസ്ത്രത്തിനും സാധിച്ചിട്ടില്ല. പണ്ട് ചിലർ സപ്തവാനങ്ങൾ കൊണ്ടുദ്ദേശ്യം സപ്തഗ്രഹങ്ങളാണെന്നഭിപ്രായപ്പെട്ടിരുന്നു. പിന്നീട് നെപ്ട്യൂൺ, പ്ലൂട്ടോ മുതലായ ഗ്രഹങ്ങൾ കണ്ടെത്തിയതോടെ ആ നിഗമനം തെറ്റാണെന്ന് തെളിഞ്ഞു. നക്ഷത്രങ്ങളെല്ലാം സമീപവാനത്തിന്റെ അലങ്കാരങ്ങളാണെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്: ഉദാഃ إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ –സമീപവാനത്തെ നാം താരസൗന്ദര്യം കൊണ്ടലങ്കരിച്ചിരിക്കുന്നു (സ്വാഫാത് 6). അതും പ്രസ്തുത നിഗമനത്തെ ഖണ്ഡിക്കുന്നു. ഭൗമോപരിയുള്ള വായുമണ്ഡലം, ഓസോൺ ശൂന്യാന്തരീക്ഷം തുടങ്ങിയവയെ ഓരോ ആകാശമായി കണക്കാക്കുന്നതും ശരിയല്ല. മേൽപറഞ്ഞ ഖുർആൻ വാക്യത്തിന്റെ വെളിച്ചത്തിൽ അതെല്ലാം സമീപവാനത്തിന്റെ ഭാഗങ്ങൾ മാത്രമാകുന്നു. ശാസ്ത്രത്തിനും ദർശനത്തിനും സമീപവാനത്തിനപ്പുറത്തേക്കെത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. ഒരു പക്ഷേ നാളത്തെ ശാസ്ത്രത്തിന് അതു കഴിഞ്ഞേക്കാം. സമീപവാനത്തിനപ്പുറമുള്ള വാനലോകങ്ങൾ അജ്ഞേയവും ഇന്ദ്രിയാതീതവുമായ പ്രതിഭാസങ്ങളാണെങ്കിൽ ഒരു കാലത്തും ഭൗതിക മനുഷ്യന് അവയെ പ്രാപിക്കാനാവില്ല. മലക്കുകളിലും ജിന്നുകളിലും സ്വർഗ നരകങ്ങളിലും വിശ്വസിക്കുന്നതുപോലെ അവയിൽ വിശ്വസിക്കുകയേ നമുക്കു നിർവാഹമുള്ളൂ. ആകാശത്തിനു പിണ്ഡമുണ്ടോ അതല്ല, അത് വായുവിന്റെയും ശൂന്യതയുടെയും വികാസം മാത്രമാണോ? പിണ്ഡമുണ്ടെങ്കിൽ മറ്റു പിണ്ഡങ്ങൾ പോലെ അതും നിലനിൽക്കുന്നത് പരിമിതമായ സ്ഥലത്തായിരിക്കും. ഈ ചോദ്യത്തിനും കൃത്യമായ ഉത്തരം നൽകാൻ ശാസ്ത്രജ്ഞർക്ക് കഴിയുന്നില്ല.

സൂര്യ ചന്ദ്രന്മാരും ഇതര ഗ്രഹങ്ങളും എത്രയോ സഹസ്രാബ്ദങ്ങളായി നഭോ മണ്ഡലത്തിൽ ഒരേ സ്ഥാനങ്ങളിൽ നിലകൊള്ളുന്നു. ഒന്നും അവയുടെ ചലനപഥം വിട്ടുപോകുന്നില്ല. എന്നാൽ അവയെ മുകളിലോട്ടോ താഴോട്ടോ യാതൊന്നുമായി ബന്ധിപ്പിച്ചതായും കാണുന്നില്ല. തൂണോ തൂക്കോ ഇല്ലാതുള്ള ഈ നിലനിൽപിനെയാണ് 'നിങ്ങൾ കാണുന്ന തൂണുകളില്ലാതെ' എന്നു വർണിച്ചിരിക്കുന്നത്. عَمَد(തൂണുകൾ) عماد ന്റെയും عمود ന്റെയും ബഹുവചനമാണ്. കാണാത്തൂണുകളില്ലാതെ എന്നതിനെ രണ്ടു രീതിയിൽ മനസ്സിലാക്കാം. ഒന്ന്, തൂണുകളുണ്ടായിരുന്നുവെങ്കിൽ നിങ്ങൾ കാണുമായിരുന്നു. തൂണുകളൊന്നുമില്ലാതെ അല്ലാഹു അവന്റെ കഴിവിനാൽ ഉയർത്തിനിർത്തിയിരിക്കുകയാണവയെ. രണ്ട്, നിങ്ങൾക്ക് കാണാനാവാത്ത തൂണുകൾകൊണ്ടാണ് അല്ലാഹു ആകാശലോകത്തെ താങ്ങിനിർത്തിയിരിക്കുന്നത്. രണ്ടർഥവും സാധുവാകുന്നു. രണ്ടാമത്തെ അർഥത്തിലെടുക്കുമ്പോൾ കാണാത്തൂണുകൾ കൊണ്ടുദ്ദേശ്യം ആകാശഗോളങ്ങളുടെ ആകർഷണ ശക്തിയാണെന്നനുമാനിക്കാം. ഓരോ ഗോളത്തിനും അതിന്റേതായ ആകർഷണ വലയമുണ്ട്. ആകർഷണ ശക്തികളുടെ സന്തുലിതാവസ്ഥയാൽ അവ പരസ്പരം കൂട്ടിമുട്ടാതെ സ്വന്തം ഭ്രമണപഥങ്ങളിൽ ചലിച്ചുകൊണ്ടിരിക്കുകയാണ്. ഗോളങ്ങളുടെ സ്രഷ്ടാവായ അല്ലാഹു തന്നെയാണ് അവയിൽ ഈ ആകർഷണ ശക്തി നിക്ഷേപിച്ചത്.

ٱسْتَوَىٰ عَلَى ٱلْعَرْشِ എന്ന വാക്യത്തിന്റെ വിവക്ഷ നേരത്തെ സൂറ അഅ്റാഫ് 54–ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ താൽപര്യം ഇതാണ്. ആകാശങ്ങളെ സൃഷ്ടിച്ച് കാണാത്തൂണുകളിൽ സ്ഥാപിച്ച് അവൻ അവയെ കൈയൊഴിഞ്ഞ് എങ്ങും പോയിട്ടില്ല. മറ്റാർക്കും ഏൽപിച്ചു കൊടുത്തിട്ടുമില്ല. അവൻ തന്നെയാണവയെ നിതാന്തമായി പരിപാലിച്ച് ഭരിച്ചുകൊണ്ടിരിക്കുന്നത്.

تسخيرൽ നിന്നുള്ള ഭൂതകാലക്രിയയാണ് سَخَّرَ. കീഴ്പ്പെടുത്തി, വ്യവസ്ഥാ വിധേയമാക്കി എന്നർഥം. തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ الاختيار വിപരീതമാണ് تسخير. വിധേയ مُسَخَّرന് കീഴ്പ്പെടുത്തിയവ مُسَخِّر ന്റെ ഇംഗിതത്തിനും വ്യവസ്ഥക്കും അപ്പുറം സ്വന്തമായ ആഗ്രഹാഭിലാഷങ്ങളോ അഭിപ്രായങ്ങളോ ഉണ്ടാവില്ല. കീഴ്പ്പെടുത്തിയവൻ കൽപിച്ചതനുസരിച്ചു മാത്രം പ്രവർത്തിക്കുകയാണതിന്റെ ധർമം. ഇതിനു വിപരീതമായി مُخَيَّر –സ്വയം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകപ്പെട്ടവൻ ആണ് മനുഷ്യൻ. മനുഷ്യനും ഇതര സൃഷ്ടികളും തമ്മിലുള്ള ഏറ്റവും വലിയ അന്തരമാണിത്. സൂറ അഹ്സാബ് 72–ാം സൂക്തം ഈ അന്തരം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു.

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا

وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَـٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾

(ഈ ഉത്തരവാദിത്വം നാം ആകാശലോകങ്ങൾക്കും ഭൂമിക്കും പർവതങ്ങൾക്കും വെച്ചു നീട്ടി. അവയൊക്കെയും അതു വഹിക്കാൻ വിസമ്മതിക്കുകയും ഭയപ്പെടുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുക്കുകയായിരുന്നു. എന്നിട്ടവൻ കടുത്ത അധർമിയും അവിവേകിയുമായിരിക്കുന്നു). മനുഷ്യന്റെ ഉന്നതിക്കെന്നപോലെ അധഃപതനത്തിനു വഴിയൊരുക്കുന്നത് ഈ സ്വാതന്ത്ര്യമാണ്. മനുഷ്യേതര സൃഷ്ടികൾക്ക് – മലക്കുകൾക്കുപോലും ഈ സ്വാതന്ത്ര്യമില്ല. അവയെല്ലാം എന്നും തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട പാതകളിലൂടെ മാത്രം സഞ്ചരിച്ച് സ്വന്തമായ പുരോഗതിയോ അധോഗതിയോ ആർജിക്കാതെ ഒരേ അവസ്ഥയിൽ വാഴുകയാണ്. ഈ വ്യവസ്ഥാ വിധേയമായ വാഴ്വിന്റെ സ്പഷ്ടമായ ഉദാഹരണമാകുന്നു സൂര്യചന്ദ്രന്മാർ. യുഗാന്തരങ്ങളായി അവയുടെ ഉദയാസ്തമയങ്ങളും വൃദ്ധിക്ഷയപ്രയാണങ്ങളും കണിശമായ നിയമത്തിനു വിധേയമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. അവയുടെ വ്യവസ്ഥാപിത ചലനവും ഭൂമിയിലെ ജീവിത ക്ഷമതയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

എല്ലാ ഓരോന്നും ഒരു നിർണിതമായ അവധിക്കുവേണ്ടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നാണ് كُلٌّ يَجْرِى لِأَجَلٍ مُّسَمًّى യുടെ നേർ തർജമ. ആകാശ ഗോളങ്ങളെല്ലാം അല്ലാഹു നിശ്ചയിച്ച കാലാവധി വരെ അവൻ നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് നിർബാധം ഭ്രമണം ചെയ്തുകൊണ്ടിരിക്കും എന്നാണ് പൊതുവിൽ ഇതു വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്. കൂടുതൽ പ്രബലമായ വ്യാഖ്യാനവും ഇതാണ്. മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്: മനുഷ്യന്റെ സമയനിർണയോപാധികളാണ് സൂര്യചന്ദ്രന്മാരുടെ സഞ്ചാരം. അവയുടെ അഭാവത്തിൽ സമയനിർണയം അസാധ്യമാകുന്നു. ഋതുഭേദങ്ങൾ നിർണയിക്കുന്നതിൽ നക്ഷത്ര രാശികൾക്കും പങ്കുണ്ട്. മനുഷ്യൻ സമയം നിർണയിക്കുന്നതിനു വേണ്ടി എല്ലാ ഗ്രഹങ്ങളും ആകാശത്ത് സഞ്ചരിച്ചുകൊണ്ടിരി

ക്കുകയാണ്.

دبّر യുടെ ഭാവികാല രൂപമാണ് يُدَبِّرُ. കാര്യങ്ങളുടെ പിന്നാമ്പുറം (دبرالأشياء) മനസ്സിലാക്കുന്നതിനും അപ്രകാരം മനസ്സിലാക്കി ഉദ്ദിഷ്ട ലക്ഷ്യത്തിനനുഗുണമായി കാര്യങ്ങൾ സംവിധാനിക്കുന്നതിനും تدبّر എന്നുപറയും. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചു പാലിക്കുന്നതു തികഞ്ഞ ആസൂത്രണത്തോടെയാണ്. ഈ പ്രതിഭാസങ്ങൾ എവിടെ എത്തണമെന്നും അതുവരെ എങ്ങനെ പ്രവർത്തിക്കണമെന്നും അവൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ആ മാർഗത്തിലൂടെ മാത്രമേ അവ ചലിക്കൂ. മനുഷ്യന്റെ ആസൂത്രണവും അല്ലാഹുവിന്റെ ആസൂത്രണവും തമ്മിൽ താരതമ്യമില്ല. ഉദാഹരണം, കീടങ്ങളുടെ ആക്രമണത്തിൽനിന്ന് വിളകളെ രക്ഷിക്കാനും അഭിവൃദ്ധിപ്പെടുത്താനും ശാസ്ത്രജ്ഞർ നടത്തിയ ആസൂത്രണത്തിന്റെ ഫലമായി കീടനാശിനികൾ ഉൽപാദിപ്പിക്കപ്പെട്ടു. കൃഷിയിടങ്ങളിൽ കീടനാശിനിയുടെ ഉപയോഗം പരിസര ജീവികളെയും മനുഷ്യരെയും എങ്ങനെയൊക്കെ ബാധിക്കുമെന്ന് നേരത്തെ കണ്ടെത്താൻ അവർക്കായില്ല. തൽഫലമായി ചില കീടനാശിനികളുടെ പ്രയോഗം പരിസരവാസികളായ മനുഷ്യരെ മാറാരോഗികളും വികലാംഗരുമാക്കുന്നു. ചില കീടനാശിനികൾ കർഷക സഹായികളായ ജീവികളെകൂടി നശിപ്പിച്ചുകൊണ്ട് കൃഷിയെത്തന്നെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാരണങ്ങൾകൊണ്ട് എൻഡോസൾഫാൻ പോലുള്ള പല കീടനാശിനികളും ലോകരാഷ്ട്രങ്ങൾ നിരോധിക്കേണ്ടി വന്നിരിക്കുകയാണ്. ആണവശക്തി മറ്റൊരു ഉദാഹരണമാണ്. ശത്രുക്കളെ വെല്ലാൻ അണുവായുധങ്ങളെക്കാൾ മികച്ച മറ്റൊരായുധമില്ല. ഇതു പക്ഷേ പലപ്പോഴും അതിന്റെ ഉടമകൾക്കു തന്നെ വിനയായിത്തീരുന്നു. ആണവായുധങ്ങൾ ഉണ്ടാക്കി വെച്ചവരും ആണവ നിലയങ്ങൾ സ്ഥാപിച്ചവരും ഭീതിയിലാണിപ്പോൾ. അമേരിക്ക അതിന്റെ ആണവനിലയങ്ങൾ മിക്കതും അടച്ചുകഴിഞ്ഞു. റഷ്യയിൽ ആണവ ചോർച്ച മൂലം മഹാനാശമുണ്ടായി. മനുഷ്യന്റെ ആസൂത്രണത്തിന്റെ പരിമിതികളാണിതെല്ലാം. അല്ലാഹുവിന്റെ ആസൂത്രണത്തിന് ഇത്തരം തിരിച്ചടികളില്ല. എല്ലാ കാര്യങ്ങളുടെയും മുന്നും പിന്നും അടിയും മുകളുമെല്ലാം അവൻ ഒരുപോലെ കണ്ടുകൊണ്ടും നിയന്ത്രിച്ചുകൊണ്ടുമിരിക്കുന്നു. അതാണ് ഈ അണ്ഡകടാഹത്തിന്റെ നിലനിൽപിനാധാരം.

സൂറ യൂസുഫ് 111–ാം സൂക്തത്തിൽ വന്ന تَفْصِيلَ ന്റെ ഭാവികാലക്രിയയാണ് يُفَصِّلُ. അർഥം അവിടെ വിശദീകരിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞതുപോലുള്ള ദൃഷ്ടാന്തങ്ങൾ അല്ലാഹു വിശദീകരിച്ചുതരുന്നു എന്നാണ് يُفَصِّلُ ٱلْأَيَـٰتِ ന്റെ താൽപര്യം.

ആകാശ ഗോളങ്ങളുടെ വ്യവസ്ഥാ വിധേയമായ പ്രവർത്തനം അതിനു പിന്നിൽ സർവജ്ഞനും സർവശക്തനുമായ ഒരു സ്രഷ്ടാവുണ്ടെന്നും അവൻ ചിരന്തനനായി അവയെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും നിങ്ങൾക്കു മനസ്സിലാക്കിത്തരുന്നു. നിങ്ങൾക്ക് ഊഹിക്കാൻ പോലും കഴിയാത്തത്ര ഭീമാകാരങ്ങളായ നക്ഷത്രഗോളങ്ങളെ സൃഷ്ടിച്ചു പ്രവർത്തിപ്പിക്കുന്ന ആ ശക്തി തന്നെയാണല്ലോ നിങ്ങളുടെയും സ്രഷ്ടാവ്. ഈവിധം അല്ലാഹുവിന്റെ ഉൺമയുടെയും ഏകത്വത്തിന്റെയും ദൃഷ്ടാന്തങ്ങൾ കാണിച്ചു തരുന്നത് വെറും കൗതുകത്തിനു വേണ്ടിയല്ല. ആ മഹാഗോളങ്ങൾ സൃഷ്ടിച്ചതിലെന്നപോലെ നിങ്ങളെ സൃഷ്ടിച്ചതിലും ചില ലക്ഷ്യങ്ങളുണ്ട്. നിങ്ങളെക്കാൾ എത്രയോ ഗുരുതരമായ സൃഷ്ടികളിൽ അവന്റെ നിയമം നടക്കുന്നുവെങ്കിൽ നിങ്ങളിലും അതു നടക്കേണ്ടതുണ്ട്. നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയ ചില കാര്യങ്ങളിലൊഴിച്ച് നടക്കുന്നുമുണ്ട്. സ്വാതന്ത്ര്യം നൽകിയ കാര്യങ്ങളിലും അതു തന്നെയാണ് നടക്കേണ്ടത്. മനുഷ്യന് സ്വാതന്ത്ര്യമുള്ള വിഷയങ്ങളിൽ അവൻ പാലിക്കേണ്ട ദൈവിക നിയമങ്ങളാണ് പ്രവാചകന്മാരിലൂടെ അവതരിപ്പിക്കുന്ന ധർമശാസനങ്ങൾ. അല്ലാഹു ബഹുവിധ കഴിവുകളോടും യോഗ്യതകളോടും കൂടി നിങ്ങളെ സൃഷ്ടിക്കുകയും ആ കഴിവുകളും യോഗ്യതകളും ഉപയോഗിക്കേണ്ടതെങ്ങനെയെന്നും എന്തിനു വേണ്ടിയെന്നും വിവരിക്കുന്ന നിയമാവലി അവതരിപ്പിച്ചു തരികയും ചെയ്തിട്ട്, നിങ്ങൾ അത് ധിക്കരിച്ചു വാണാൽ അതിനു യാതൊരു പ്രതികരണമുണ്ടാവില്ലെന്ന് വിചാരിക്കാൻ കഴിയുമോ? അവന്റെ നിയമങ്ങൾ പാലിച്ചവരുടെയും ധിക്കരിച്ചവരുടെയും പരിണതി ഒന്നുതന്നെയായിരിക്കുമെന്ന് കരുതുവാൻ എന്താണ് ന്യായം? ഈവിധം ചിന്തിച്ചുനോക്കിയാൽ, അല്ലാഹു സർവശക്തനും സർവജ്ഞനുമാണെങ്കിൽ മനുഷ്യരെ ഒരുനാൾ വിചാരണ ചെയ്യാനും തന്റെ കൽപനകൾ പാലിച്ചവർക്ക് അതിന്റെ ഫലവും ധിക്കരിച്ചവർക്ക് അതിന്റെ ശിക്ഷയും നൽകാനുള്ള കഴിവും ജ്ഞാനവും കൂടി അവനുണ്ടെന്ന് അംഗീകരിക്കേണ്ടതനിവാര്യമാകും. നിങ്ങൾ ഈ യാഥാർഥ്യത്തിലെത്തിച്ചേരുന്നതിനുവേണ്ടിയാണ് അല്ലാഹു ഈ ദൃഷ്ടാന്തങ്ങൾ കാണിച്ചു തരുന്നത്.

فصّلയുടെ മൂലപദമായ فصْل ന് വിധി എന്നും ഒരർഥമുണ്ട്. يُدَبِّرُ ٱلْأَمْرَ –കാര്യങ്ങൾ ആസൂത്രിതമായി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്ന പരാമർശവുമായി ബന്ധിപ്പിച്ചുകൊണ്ട് ഈയർഥത്തിലും يُفَصِّلُ ٱلْأَيَـٰتِ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതായത് എല്ലാ പ്രതിഭാസങ്ങളെ– ദൃഷ്ടാന്തങ്ങളെയും അവക്കുചിതമായ വിധികൾ നൽകിക്കൊണ്ട് അവൻ പരിപാലിച്ചു ഭരിച്ചുകൊണ്ടിരിക്കുന്നു. ആദ്യം പറഞ്ഞതാണ് പ്രബലമായ വ്യാഖ്യാനം. ■